ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.03.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നാളന്ദ സർവ്വകലാശാലയുടെ പുനരുദ്ധാരണം ലോകത്തിന്റെ തന്നെ ബൗദ്ധികവും സാംസ്കാരികവുമായ നവോത്ഥാനത്തിന്റെ തുടക്കമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   **President Droupadi Murmu says the restoration of Nalanda University marks the beginning of a global intellectual and cultural renaissance.**

2. ഗുജറാത്തിലെ സാനന്ദിൽ അത്യാധുനിക സെമികണ്ടക്ടർ പ്ലാൻറ് പ്രവർത്തനം ആരംഭിച്ചു.

   **State-of-the-art semiconductor plant starts operations in Sanand, Gujarat.**

3. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. ദേശീയ നേതാക്കൾ പ്രചാരണ രംഗത്ത്.

   **Assembly election campaign intensifies in Kerala; national leaders join the trail.**

4. പൈപ്പിലൂടെയുള്ള പാചകവാതക കണക്ഷനുകൾ വേഗത്തിലാക്കുന്നതിനായുള്ള 'നാഷണൽ പി.എൻ.ജി ഡ്രൈവ് 2.0' ജൂൺ 30 വരെ ദീർഘിപ്പിച്ചു.

The Petroleum Ministry extends 'National PNG Drive 2.0' until June 30 to accelerate PNG connections.

5. പശ്ചിമേഷ്യൻ സംഘർഷ മേഖലയിലുള്ള ഇന്ത്യൻ കപ്പലുകളും ജീവനക്കാരും സുരക്ഷിതരാണെന്ന് തുറമുഖ-കപ്പൽ മന്ത്രാലയം.

The Shipping Ministry confirms Indian vessels and crew members in the West Asian conflict zone are safe.

6. വ്യോമസേനയ്ക്കായി മൗണ്ടൻ റഡാറുകൾ വാങ്ങാനുള്ള കരാറിൽ പ്രതിരോധ മന്ത്രാലയവും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും ഒപ്പുവെച്ചു.

The Defense Ministry and Bharat Electronics Limited sign an agreement to procure mountain radars for the Air Force.

. PREZ–BIHAR VISIT(INTRO)

നാളന്ദ സർവ്വകലാശാലയുടെ പുനരുദ്ധാരണം ലോകത്തിന്റെ തന്നെ ബൗദ്ധികവും സാംസ്കാരികവുമായ നവോത്ഥാനത്തിന്റെ തുടക്കമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. നാളന്ദ സർവ്വകലാശാലയുടെ രണ്ടാം ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

(വോയിസ്)

മുപ്പത്തിയൊന്ന് രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് രാഷ്ട്രപതി ബിരുദം വിതരണം ചെയ്തു. ചടങ്ങിനോടനുബന്ധിച്ച് സർവ്വകലാശാല കാമ്പസിലെ 'സൗത്ത് ഈസ്റ്റ് ഏഷ്യൻ സ്റ്റഡീസ് സെന്ററും', രണ്ടായിരം

പേർക്ക് ഇരിക്കാവുന്ന 'വിശ്വാമിത്രാലയ' ഓഡിറ്റോറിയവും രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## PM-GUJ-SEMICONDUCTOR

ഗുജറാത്തിലെ സാനന്ദിൽ അത്യാധുനിക 'കെയ്ൻസ് സെമികോൺ' പ്ലാന്റ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഇന്ത്യയുടെ സെമികണ്ടക്ടർ മേഖലയിലെ നിർണ്ണായക ചുവടുവെപ്പാണിത്. അമേരിക്കൻ കമ്പനിയായ 'ആൽഫ ആൻഡ് ഒമേഗ'യ്ക്കാണ് പ്രധാനമായും ഇവ കയറ്റുമതി ചെയ്യുന്നത്. പ്ലാന്റ് പൂർണ്ണസജ്ജമാകുന്നതോടെ പ്രതിദിനം 63 ലക്ഷത്തിലധികം യൂണിറ്റുകൾ നിർമ്മിക്കാൻ സാധിക്കുമെന്ന് അധികൃതർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## PM-GUJ MUSEUM (INTRO)

മഹാവീർ ജയന്തി ദിനത്തിൽ ഗുജറാത്ത് ഗാന്ധിനഗറിലെ കോബയിൽ നിർമ്മിച്ച 'സമ്രാട്ട് സമ്പ്രതി' മ്യൂസിയം പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന് സമർപ്പിച്ചു. ജൈനമത ചരിത്രവും സമ്രാട്ട് സമ്പ്രതിയുടെ ജീവിതവും അഹിംസാ സന്ദേശങ്ങളും കോർത്തിണക്കിയാണ് മ്യൂസിയം ഒരുക്കിയിരിക്കുന്നത്. നമ്മുടെ സാംസ്കാരിക പൈതൃകം വരുംതലമുറയ്ക്കായി സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## DEFENCE– BEL DEAL

വ്യോമസേനയ്ക്കായി രണ്ട് മൗണ്ടൻ റഡാറുകൾ വാങ്ങാനുള്ള 1,950 കോടി രൂപയുടെ കരാറിൽ പ്രതിരോധ മന്ത്രാലയവും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും ഒപ്പുവെച്ചു. ഇത് 'ആത്മനിർഭർ ഭാരത്', 'മേക്ക് ഇൻ ഇന്ത്യ' പദ്ധതികൾക്ക് കൂടുതൽ കരുത്തേകുമെന്ന് മന്ത്രാലയം പറഞ്ഞു. DRDO യ്ക്ക് കീഴിലുള്ള ഇലക്ട്രോണിക്സ് ആൻഡ് റഡാർ ഡെവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റ് രൂപകൽപ്പന ചെയ്ത ഈ റഡാറുകൾ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡാണ് നിർമ്മിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## PNG CONNECTION

രാജ്യവ്യാപകമായി പൈപ്പിലൂടെയുള്ള പാചകവാതക കണക്ഷനുകൾ വേഗത്തിലാക്കുന്നതിനായുള്ള 'നാഷണൽ പി.എൻ.ജി ഡ്രൈവ് 2.0' ജൂൺ 30 വരെ ദീർഘിപ്പിച്ചു. മാർച്ച് മാസത്തിൽ മാത്രം മൂന്ന് ലക്ഷത്തിലധികം പുതിയ കണക്ഷനുകൾ നൽകിയതായും പ്രതിദിനം ശരാശരി 50 ലക്ഷം എൽ.പി.ജി സിലിണ്ടറുകൾ വിതരണം ചെയ്യുന്നുണ്ടെന്നും പെട്രോളിയം മന്ത്രാലയം അറിയിച്ചു. രാജ്യത്ത് പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ മതിയായ സ്റ്റോക്കുണ്ടെന്നും തെറ്റായ

പ്രചാരണങ്ങളിൽ വിശ്വസിക്കരുതെന്നും സർക്കാർ വ്യക്തമാക്കി.

## UAE ON ALERT

പശ്ചിമേഷ്യൻ സംഘർഷം ഒരുമാസം പിന്നിടുമ്പോൾ, യു.എ.ഇ.യുടെ വിവിധ ഭാഗങ്ങളിൽ ഡ്രോൺ, മിസൈൽ ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തു. പുലർച്ചെ ദുബായ് തീരത്ത് നങ്കൂരമിട്ടിരുന്ന 'അൽ സാൽമി' എന്ന കുവൈറ്റി എണ്ണക്കപ്പലിന് നേരെ ഡ്രോൺ ആക്രമണമുണ്ടായി. കപ്പലിലുണ്ടായിരുന്ന 24 ജീവനക്കാരും സുരക്ഷിതരാണെന്നും എണ്ണച്ചോർച്ച ഉണ്ടായിട്ടില്ലെന്നും അധികൃതർ അറിയിച്ചു.

ഷാർജയിലെ തുറയ്യ ടെലികമ്മ്യൂണിക്കേഷൻസ് കെട്ടിടത്തിന് നേരെയും ഡ്രോൺ ആക്രമണം നടന്നു. സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി യു.എ.ഇ.യിലെ സ്കൂളുകളിൽ ഏപ്രിൽ 17 വരെ ഓൺലൈൻ ക്ലാസുകൾ നടത്താൻ നിർദ്ദേശം നൽകി.

## WEST ASIA– DAILY BRIEF

പശ്ചിമേഷ്യൻ സംഘർഷ മേഖലയിലുള്ള ഇന്ത്യൻ കപ്പലുകളും ജീവനക്കാരും സുരക്ഷിതരാണെന്ന് തുറമുഖ-കപ്പൽ മന്ത്രാലയം അറിയിച്ചു. ഇതുവരെ 959 നാവികരെ സുരക്ഷിതമായി നാട്ടിലെത്തിച്ചു. ഫെബ്രുവരി 28-ന് ശേഷം

5.72 ലക്ഷം ഇന്ത്യക്കാർ വിദേശങ്ങളിൽ നിന്ന് മടങ്ങിയെത്തിയതായും വിദേശകാര്യ മന്ത്രാലയം അറിയിച്ചു. പ്രവാസി സഹായത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈനുകൾ സജ്ജമാണെന്നും കേന്ദ്രം കൂട്ടിച്ചേർത്തു.

**ELECTION –KERALA**

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. എൽഡിഎഫിൻറെ പ്രചാരണാർത്ഥം മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ ഇന്ന് തിരുവനന്തപുരം ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുത്തു. സിപിഐ എം പോളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് നാളെ കോട്ടയത്ത് പ്രചാരണത്തിനെത്തും. NDA യ്ക്കുവേണ്ടി ഖുശ്ബു സുന്ദർ കോഴിക്കോടും ബി.ജെ പി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ ആറ്റിങ്ങലിലും പ്രചാരണ പരിപാടിയിൽ പങ്കെടുത്തു. യുഡിഎഫ് തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി കണ്ണൂരിലെത്തി. കോഴിക്കോടും അദ്ദേഹം ഇന്ന് പ്രചാരണം നടത്തുന്നുണ്ട്. കോൺഗ്രസ് നേതാവ് ശശി തരൂർ ഇന്ന് കോട്ടയത്ത് പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്.

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്- പഞ്ചാബ് കിംഗ്സ് പോരാട്ടം. പഞ്ചാബിലാണ് മത്സരം.

❋❋❋❋❋❋❋❋❋❋❋❋❋

## SUB JR HOCKEY WOMEN

പതിനാറാമത് ഹോക്കി ഇന്ത്യ സബ് ജൂനിയർ വനിതാ ദേശീയ ചാമ്പ്യൻഷിപ്പിന് നാളെ ജാർഖണ്ഡിലെ റാഞ്ചിയിൽ തുടക്കമാകും. മത്സരങ്ങൾ ഏപ്രിൽ 12 വരെ നീണ്ടുനിൽക്കും. ഡിവിഷൻ അടിസ്ഥാനത്തിലുള്ള ഫോർമാറ്റിലാണ് ടൂർണമെന്റ് സംഘടിപ്പിച്ചിരിക്കുന്നത്.

❋❋❋❋❋❋❋❋❋❋❋❋❋

## ITALY DENY–US BASE (INTRO)

പശ്ചിമേഷ്യയിൽ തുടരുന്ന സംഘർഷത്തിനിടയിൽ ഇറ്റാലിയൻ വ്യോമത്താവളം ഉപയോഗിക്കാനുള്ള അമേരിക്കയുടെ അഭ്യർഥന തള്ളി ഇറ്റലി.

*ഒരു റിപ്പോർട്ട്........*

*(വോയിസ്)*

❋❋❋❋❋❋❋❋❋❋❋❋❋

## ITALY DENY-US BASE (VOICE)

ഇറ്റലിയുടെ വ്യോമത്താവളം പശ്ചിമേഷ്യയിലെ സൈനിക നടപടികൾക്കായി ഉപയോഗിക്കാനുള്ള അമേരിക്കയുടെ ആവശ്യം ഇരുരാജ്യങ്ങളും തമ്മിൽ നിലവിലുള്ള കരാറിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ലെന്ന കാരണം കാണിച്ചാണ് അനുമതി നിഷേധിച്ചത്. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി അമേരിക്കയുമായുള്ള സഹകരണം ആവർത്തിച്ചെങ്കിലും സൈനിക നടപടികളിൽ ഇറ്റാലിയൻ പരമാധികാരവും നിയമപരമായ നടപടിക്രമങ്ങളും മാനിക്കണമെന്ന് വ്യക്തമാക്കി. ഇറാൻ ആക്രമണങ്ങളിൽ ഉൾപ്പെട്ട യു.എസ് വിമാനങ്ങൾക്ക് സ്പെയിൻ വ്യോമാതിർത്തി നേരത്തെ തന്നെ അടച്ചിരുന്നു. ഇറാനിലെ യുദ്ധവുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തിക്കും തങ്ങളുടെ സൈനിക താവളങ്ങൾ ഉപയോഗിക്കാൻ അനുമതി നൽകില്ലെന്ന് പ്രതിരോധ മന്ത്രി മാർഗരിറ്റ റോബിൾസനും പറഞ്ഞു.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

**BIHAR STAMPEDE**

ബിഹാറിലെ നാളന്ദ ജില്ലയിലുള്ള ബിഹാർ ഷെരീഫിലെ മാഘ ശീതളാഷ്ടമി ക്ഷേത്രത്തിൽ ഇന്ന് രാവിലെ മതപരമായ ചടങ്ങുകൾക്കിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് എട്ട് സ്ത്രീകൾ മരിച്ചു. അപകടത്തിൽ നിരവധി തീർത്ഥാടകർക്ക് പരിക്കേറ്റു. മരണസംഖ്യ ഇനിയും ഉയരാൻ സാധ്യതയുണ്ടെന്നാണ് റിപ്പോർട്ടുകൾ. സംഭവത്തിൽ ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാറും ഉപമുഖ്യമന്ത്രി സമ്രാട്ട്

ചൗധരിയും അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ ആശ്രിതർക്ക് 6 ലക്ഷം രൂപ വീതം ധനസഹായം നൽകാൻ മുഖ്യമന്ത്രി നിർദ്ദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

**PREZ- BIHAR INCIDENT**

ബിഹാറിലെ നാളന്ദ ജില്ലയിലുണ്ടായ അപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണനും ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് സാമൂഹ്യമാധ്യമത്തിലൂടെ പ്രധാനമന്ത്രി അനുശോചനം അറിയിച്ചു. പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് പ്രധാനമന്ത്രിയും സംഭവം അതീവ ദുഃഖകരമെന്ന് ഉപരാഷ്ട്രപതിയും പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**PM-EX GRATIA**

ബിഹാറിലെ നാളന്ദ ജില്ലയിലുണ്ടായ അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം പ്രഖ്യാപിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**FILM FESTIVAL WITH VC**

ഒരാഴ്ച നീണ്ടുനിന്ന ഡൽഹി അന്താരാഷ്ട്ര ചലച്ചിത്രമേള ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സമാപിച്ചു . മേളയിൽ ലോകമെമ്പാടുമുള്ള 125-ലധികം സിനിമകൾ പ്രദർശിപ്പിച്ചു, പ്രദർശനങ്ങൾ, ചർച്ചകൾ, ശില്പശാലകൾ സാംസ്കാരിക പരിപാടികൾ എന്നിവയും ഇതോടൊപ്പം സംഘടിപ്പിച്ചിരുന്നു.

❋❋❋❋❋❋❋❋❋❋❋❋❋

**LEANDER PAES-BJP**

പ്രശസ്ത ടെന്നീസ് താരം ലിയാൻഡർ പേസ് ഭാരതീയ ജനതാ പാർട്ടിയിൽ ചേർന്നു. ഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രിമാരായ കിരൺ റിജിജു, സുകാന്ത മജുംദാർ എന്നിവരുടെ സാന്നിധ്യത്തിലാണ് അദ്ദേഹം ബിജെപി അംഗത്വം സ്വീകരിച്ചത്.

❋❋❋❋❋❋❋❋❋❋❋❋❋

**KOLKATA - HC**

പശ്ചിമ ബംഗാളിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തിയ ഉദ്യോഗസ്ഥ സ്ഥലംമാറ്റങ്ങളെ ചോദ്യം ചെയ്ത് തൃണമൂൽ കോൺഗ്രസ് നൽകിയ രണ്ട് പൊതുതാൽപ്പര്യ ഹർജികൾ കൊൽക്കത്ത ഹൈക്കോടതി തള്ളി. ചീഫ് ജസ്റ്റിസ് സുജോയ് പോൾ അധ്യക്ഷനായ ഡിവിഷൻ ബെഞ്ചിന്റേതാണ് ഉത്തരവ്.

തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലിരിക്കെ ഉദ്യോഗസ്ഥരെ സ്ഥലംമാറ്റാൻ കമ്മീഷന് പൂർണ്ണ അധികാരമുണ്ടെന്ന് കോടതി വ്യക്തമാക്കി.

## ARTEMIS II MISSION

അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയുടെ ആർട്ടെമിസ് II ദൗത്യത്തിനായുള്ള കൗണ്ട്ഡൗൺ പുരോഗമിക്കുന്നു. ചന്ദ്രനിൽ സുസ്ഥിരമായ മനുഷ്യ സാന്നിധ്യം സ്ഥാപിക്കുന്നതിനും ചൊവ്വയിലേക്കുള്ള ഭാവി ദൗത്യങ്ങൾക്കുള്ള ശ്രമങ്ങളുടെയും ഭാഗമായാണ് ആർട്ടെമിസ് മിഷൻ വിലയിരുത്തപ്പെടുന്നത് . അമേരിക്കൻ സമയം നാളെ വൈകുന്നേരം 6.45 ഓടെ ആയിരിക്കും വിക്ഷേപണം എന്നാണ് റിപ്പോർട്ട്.